# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3905**

19-03-2018-ൽ
മറുപടി നൽകേണ്ടത്

### കോട്ടയം സയൻസ് സിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.ദിവാകരൻ | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ കീഴിൽ കോട്ടയത്ത് ആരംഭിക്കുന്ന സയൻസ് സിറ്റിക്കുവേണ്ടി നാളിതുവരെയായി എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | എ)കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ കീഴിൽ കോട്ടയത്ത് ആരംഭിക്കുന്ന സയൻസ് സിറ്റിക്കുവേണ്ടി ആകെ 47.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | ചുറ്റുമതിൽ നിർമ്മാണം | 1.4 കോടി |
| 2 | സൈറ്റ് സർവ്വേ, മണ്ണ് പരിശോധന, വൈദ്യുതി ചാർജ്ജ്, സെക്യൂരിറ്റി ചാർജ്ജ്, വേതനം, യാത്രാബത്ത, അതിഥി മന്ദിര വാടക, ടെക്നി- | 2 കോടി |

<table>
<tr>
<td></td>
<td>
<table>
<tr><td></td><td>ക്കൽ കമ്മിറ്റി മീറ്റിംഗ് ചിലവ്, മറ്റ് അനുബന്ധ ചിലവുകൾ</td><td></td></tr>
<tr><td>3</td><td>കെട്ടിട നിർമ്മാണം</td><td>7.99 കോടി</td></tr>
<tr><td>4</td><td>എഡ്യൂടെയ്ൻമെന്റ് കംപോണൻസ്</td><td>3.21 കോടി</td></tr>
<tr><td>5</td><td>സയൻസ് സെന്റർ (സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും 1:1 അനുപാതം)</td><td>7.25 കോടി</td></tr>
<tr><td>6</td><td>കേന്ദ്ര സർക്കാർ വിഹിതം</td><td>7.25 കോടി</td></tr>
<tr><td></td><td>ആകെ</td><td>29.1 കോടി</td></tr>
</table>
</td>
</tr>
<tr>
<td>ബി) കേന്ദ്ര സർക്കാർ കോട്ടയം സയൻസ് സിറ്റിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;</td>
<td>ബി) ഉണ്ട്. കോട്ടയം സയൻസ് സിറ്റിയിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും 1:1 അനുപാതത്തിൽ 7.25 കോടി രൂപ വീതം മുതൽ മുടക്കി 14.5 കോടി രൂപയ്ക്ക് സയൻസ് സെന്റർ നിർമ്മിച്ചു വരുന്നു.</td>
</tr>
<tr>
<td>സി) സയൻസ് സിറ്റിയിൽ ഇതുവരെ ഏതൊക്കെ കെട്ടിടങ്ങളുടെ പണി പൂർത്തിയായി എന്നും ബാക്കിയുളളവ എന്നത്തേയ്ക്ക് പൂർത്തികരിക്കാനാവുമെന്നും വ്യക്തമാക്കുമോ;</td>
<td>സി) സയൻസ് സിറ്റിയിൽ എൻട്രൻസ് പ്ലാസയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുളളവയുടെ നിർമ്മാണങ്ങൾ 2019 ജനുവരി മാസത്തോടെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.</td>
</tr>
<tr>
<td>ഡി) കെട്ടിട നിർമ്മാണത്തിന് ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?</td>
<td>ഡി) ഇല്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുമതി അഗ്നിശമന സേനയുടെ</td>
</tr>
</table>

| | |
|---|---|
| | സുരക്ഷാ അനുമതി എന്നിവ ലഭിക്കാനുണ്ട്. എല്ലാ അനുമതികളും ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**